**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2148** **12-02-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം കനാലിന്റെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊല്ലം കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എപ്രകാരമാണ് പുരോഗമിക്കുന്നത്; റീച്ചുകൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | 7.8 കി.മീ. നീളമുള്ള കൊല്ലംതോടിനെ 6 റീച്ചുകളായി തിരിച്ചിരിക്കുന്നു. നിലവിൽ കൊല്ലം തോട് ഭാഗികമായി ഗതാഗതയോഗ്യമാണ്.<br><br>റീച്ച് 1, 4, 5 ൽ കോടതി വ്യവഹാരം നിലനിൽക്കുന്നതിനാൽ പൂർണ്ണതോതിൽ വികസനം സാധ്യമായിട്ടില്ല. കോടതി വ്യവഹാരം തീരുന്ന മുറയ്ക്ക് മാത്രമേ മേൽപ്പറഞ്ഞ റീച്ചുകൾ ഗതാഗതയോഗ്യമാക്കുവാൻ സാധിക്കുകയുള്ളു.<br><br>ഇരവിപുരം ജെട്ടി മുതൽ ഇരവിപുരം പാലം വരെയുള്ള റീച്ച്-1 ൽ സംരക്ഷണഭിത്തിയുടെയും സംരക്ഷണ വേലിയുടെയും പണികൾ അന്തിമ ഘട്ടത്തിലാണ്.<br><br>ഇരവിപുരം പാലം മുതൽ കച്ചിക്കടവ് വരെയുള്ള റീച്ച് -2 ൽ സംരക്ഷണഭിത്തി നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br><br>കച്ചിക്കടവ് മുതൽ ജലകേളീകേന്ദ്രം വരെയുള്ള റീച്ച്-3ൽ ആഴംകൂട്ടൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് വേണ്ടിയുള്ള മണ്ണ് പരിശോധനയും പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.<br><br>ജലകേളീകേന്ദ്രം മുതൽ പള്ളിത്തോട്ടം വരെയുള്ള റീച്ച് -4ൽ സംരക്ഷണഭിത്തി നിർമ്മിക്കേണ്ടതിനൊപ്പം 26 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടതുണ്ട്. പള്ളിത്തോട്ടം പാലം സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി മണ്ണ് പരിശോധന പൂർത്തിയായിട്ടുണ്ട്. ഒപ്പം 45 മീറ്റർ കൗണ്ടർ ഫോർട്ട് റീ ടെയിനിംഗ് വാളിന്റെ നിർമ്മിതിയും നടക്കുന്നു. ബാക്കിയുള്ള ഭാഗത്തിന്റെ സംരക്ഷണ ഭിത്തിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | കല്ലുപാലം മുതൽ അഷ്ടമുടി മൗത്ത് വരെയുള്ള റീച്ച്-6ൽ വലതുകര ഭാഗികമായി സംരക്ഷണഭിത്തി നിർമ്മിച്ചിട്ടുണ്ട്. ഇടതുകര സംരക്ഷണഭിത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പുനരുദ്ധാരണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നീളുന്നതിനാൽ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | 7.8 കി.മീ. നീളമുള്ള കൊല്ലംതോടിനെ 6 റീച്ചുകളായി തിരിച്ചിരിക്കുന്നു. നിലവിൽ കൊല്ലം തോട് ഭാഗികമായി ഗതാഗതയോഗ്യമാണ്.<br><br>റീച്ച് 1, 4, 5 ൽ കോടതി വ്യവഹാരം നിലനിൽക്കുന്നതിനാൽ പൂർണ്ണതോതിൽ വികസനം സാധ്യമായിട്ടില്ല. കോടതി വ്യവഹാരം തീരുന്ന മുറയ്ക്ക് മാത്രമേ മേൽപ്പറഞ്ഞ റീച്ചുകൾ ഗതാഗതയോഗ്യമാക്കുവാൻ സാധിക്കുകയുള്ളൂ.<br><br>ഇരവിപുരം ജെട്ടി മുതൽ ഇരവിപുരം പാലം വരെയുള്ള റീച്ച്-1 ൽ സംരക്ഷണഭിത്തിയുടെയും സംരക്ഷണ വേലിയുടെയും പണികൾ അന്തിമ ഘട്ടത്തിലാണ്.<br><br>ഇരവിപുരം പാലം മുതൽ കച്ചിക്കടവ് വരെയുള്ള റീച്ച് -2 ൽ സംരക്ഷണഭിത്തി നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br><br>കച്ചിക്കടവ് മുതൽ ജലകേളീകേന്ദ്രം വരെയുള്ള റീച്ച്-3ൽ ആഴംകൂട്ടൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് വേണ്ടിയുള്ള മണ്ണ് പരിശോധനയും പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.<br><br>ജലകേളീകേന്ദ്രം മുതൽ പള്ളിത്തോട്ടം വരെയുള്ള റീച്ച് -4ൽ സംരക്ഷണഭിത്തി നിർമ്മിക്കേണ്ടതിനൊപ്പം 26 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടതുണ്ട്. പള്ളിത്തോട്ടം പാലം സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി മണ്ണ് പരിശോധന പൂർത്തിയായിട്ടുണ്ട്. ഒപ്പം 45 മീറ്റർ കൗണ്ടർ ഫോർട്ട് റീ ടെയിനിംഗ് വാളിന്റെ നിർമ്മിതിയും നടക്കുന്നു. ബാക്കിയുള്ള ഭാഗത്തിന്റെ സംരക്ഷണ ഭിത്തിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br><br>കല്ലുപാലം മുതൽ അഷ്ടമുടി മൗത്ത് വരെയുള്ള റീച്ച്-6ൽ വലതുകര ഭാഗികമായി സംരക്ഷണഭിത്തി നിർമ്മിച്ചിട്ടുണ്ട്. ഇടതുകര സംരക്ഷണഭിത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ